C2/58/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - സംസ്ഥാനത്ത് വേനൽ ചൂട് അതികഠിനമായ സാഹചര്യത്തിൽ 30/04/2024 മുതൽ 04/05/2024 വരെ സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ മാത്രം അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.540/2024/LBR തീയതി,തിരുവനന്തപുരം, 29-04-2024

---

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 29/04/2024-ലെ DT/1407/2024-F3 (Part (1) നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് വേനൽ ചൂട് അതികഠിനമായ നിലനിൽ ക്കുന്ന സാഹചര്യത്തിൽ ട്രെയിനികൾക്ക് ക്ലാസ്സ് മുറികളിലും, വർക്ക്ഷോപ്പുകളിലും പരിശീലനത്തിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ അനുയോജ്യമായ രീതിയിലുള്ള ക്രമീകരണം നടത്തുന്നതിനുള്ള അനുമതി നൽകണമെന്ന് മലമ്പുഴ /പാലക്കാട് എന്നീ ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾമാർ ഉൾ പ്പെടെ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ നിന്നും അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ 30/04/2024 മുതൽ 04/05/2024 വരെ സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ മാത്രം അനുവദിച്ചുകൊണ്ട് ഉത്തരവാകണമെന്ന് പരാമർശിത കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ All India Trade Test അടുത്തതിനാൽ ട്രെയിനിംഗിന് തടസ്സമുണ്ടാകാതെ സിലബസ്സ് പൂർത്തീകരിക്കുന്നതിനായി ഓൺലൈൻ ക്ലാസ്സുകൾ ക്രമീകരിക്കുന്നതിന് അതാത് പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 30/04/2024 മുതൽ 04/05/2024 വരെ സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ ട്രെയിനികൾക്ക് ഓൺലൈൻ ക്ലാസ്സുകൾ മാത്രം അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.540/2024/LBR

എൻ.കെ.ചന്ദ്ര

അഡിഷണൽ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Usharani L
Date: 29-04-2024 17:46:20
സെക്ഷൻ ഓഫീസർ

കീഴെഴുത്ത് നമ്പർ DT/1407/2024-F3-Part (1)

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം,
തീയതി : 30/04/2024.

ടി സർക്കാർ ഉത്തരവിൻ പ്രകാരം എല്ലാ പ്രവൃത്തി ദിനങ്ങളിലും ഇൻസ്ട്രക്ടർമാർ ഐ.ടി.ഐയിൽ ഹാജരാകുകയും ഓൺലൈൻ തിയറി ക്ലാസ്സ്, ഓൺലൈൻ ഡെമോൺസ്ട്രേഷൻ ക്ലാസ്സ്, ഓൺലൈൻ ടെസ്റ്റ് പേപ്പർ എന്നിവ നടത്തേണ്ടതാണ്. ഓരോ ദിവസത്തെയും ട്രെയിനികളുടെ ഹാജർ അന്നേ ദിവസം 5 മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്-മാർക്ക് പ്രിൻസിപ്പാൾമാർ അയച്ചു നൽകേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ